**കോവിഡ് കാലത്ത് സഹജീവികൾക്കായി കരുണയോടെ**

**കണ്ണൂർ ജില്ലയിൽ കുടുംബശ്രീ ജീവനക്കാരും സി.ഡി.എസ് ചെയർപേഴ്സൺമാരും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയത് 3.35 ലക്ഷം രൂപ**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ ലോക്ക് ഡൗൺ നിലനിൽക്കുമ്പോൾ തങ്ങളുടെ സഹജീവികൾക്ക് കാരുണ്യവുമായി എത്തുകയാണ് കണ്ണൂർ ജില്ലയിലെ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ, ബ്ളോക്ക് കോഓർഡിനേറ്റർമാർ, കുടുംബശ്രീ ദിവസവേതന ജീവനക്കാർ, എസ്.ടി. അനിമേറ്റർമാർ, സ്നേഹിത ജീവനക്കാർ, എന്നിവരുടെ കൂട്ടായ്മ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ 3,34,700 രൂപ സംഭാവന നൽകിയാണ് ഈ സ്ത്രീ കൂട്ടായ്മ ഏവർക്കും മാതൃകയായത്. ഇന്നലെ കളക്ട്രേറ്റിൽ കൊറോണ അവലോകന യോഗത്തിനെത്തിയ വ്യവസായ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ, പുരാവസ്തുതുറമുഖം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർക്ക് ചെക്ക് കൈമാറി.

സി.ഡി.എസ് ചെയർപേഴ്സൺമാർ സമാഹരിച്ച 1,20,250 രൂപയുടെ ചെക്ക് ഇവരുടെ പ്രതിനിധി നിർമ്മല.കെ, ബ്ളോക്ക് കോഓർഡിനേറ്റർമാർ, കുടുംബശ്രീ ദിവസവേതന ജീവനക്കാർ, എസ്.ടി. അനിമേറ്റർമാർ, സ്നേഹിത ജീവനക്കാർ, എന്നിവർ സമാഹരിച്ച 2,14,450 രൂപയുടെ ചെക്ക് ഇവരെ പ്രതിനിധീകരിച്ച് യഥാക്രമം ജ്യോതി.ടി, രേഖ.കെ എന്നിവരുമാണ് കൈമാറിയത്.

ജില്ലയിൽ ആകെ 81 സി.ഡി.എസുകളാണുള്ളത്. ദുരിതാശ്വാസനിധിയിലേക്ക് തങ്ങളുടെ ഒരു മാസത്തെ മുഴുവൻ വേതനവും നൽകിയവരും അഞ്ചു ദിവസത്തെ വേതനം നൽകിയവരും ഇക്കൂട്ടത്തിൽ ഉണ്ട്. ഇവർക്കൊപ്പം കുടുംബശ്രീ മുഖേന ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി പ്രവർത്തിക്കുന്ന ബ്ളോക്ക് കോഓർഡിനേറ്റർമാർ, കൂടാതെ സ്നേഹിത ജീവനക്കാർ, എസ്.ടി അനിമേറ്റർമാർ,

ദിവസവേതനക്കാർ എന്നിവരും കാരുണ്യഹസ്തവുമായി മുന്നോട്ടു വന്നതോടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തുകസമാഹരണം ഊർജിതമായി. തങ്ങളുടെ സഹജീവികൾക്കു വേണ്ടി കരുതലൊരുക്കാൻ സർക്കാരിനു പിന്തുണ നൽകുന്നതിൽ തികഞ്ഞ അഭിമാനമുണ്ടെന്ന് ഇവർ ഒരേ സ്വരത്തിൽ പറയുന്നു.

ജില്ലാ കളക്ടർ ടി.വി. സുഭാഷ് ഐ.എ.എസ് , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി സുമേഷ്, കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ ഡോ.എം.സുർജിത്, അസിസ്റ്റന്റ് കോഓർഡിനേറ്റർ എ.വി പ്രദീപൻ എന്നിവർ സന്നിഹിതരായിരുന്നു.

കഴിഞ്ഞ വർഷം സംസ്ഥാനം പ്രളയക്കെടുതിയിൽ വലഞ്ഞ അവസരത്തിലും ഇതിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കാൻ ജില്ലയിലെ എല്ലാ അയൽക്കൂട്ടങ്ങളും മുന്നോട്ടു വന്നിരുന്നു. ആദ്യം 1.32 കോടി രൂപയും പിന്നീട് 36 ലക്ഷം രൂപയുമാണ് കുടുംബശ്രീ കൂട്ടായ്മ വഴി സമാഹരിച്ചു കൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തത്.